പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4390 17.12.2014 - ൽ മറുപടിക്ക്

## നഴ്സിങ് വിദ്യാഭ്യാസം നവീകരിക്കുവാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**<br>**ശ്രീ. ജോസഫ് വാഴയ്ക്കൻ**<br>**ശ്രീ. സി.പി. മുഹമ്മദ്** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ നഴ്സിങ് വിദ്യാഭ്യാസം നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | എ) | സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ സർക്കാർ തീരുമാനമനുസരിച്ചും ഫണ്ടനുവദിക്കുന്നതനുസരിച്ചും കാലാകാലങ്ങളിൽ വേണ്ട നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ബി) | കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടിപ്പോകുന്നത് കണക്കിലെടുത്ത് നഴ്സിങ് വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുന്നതിനും മത്സരം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾ നിലവിൽത്തന്നെ ലോകോത്തര നിലവാരം പുലർത്തുന്നവരാണ്. നഴ്സിങ് വിദ്യാഭ്യാസം ആധുനികവത്ക്കരിക്കുന്നതിനും മത്സരം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| സി) | വൈദ്യരംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിങ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു; വിശദമാക്കുമോ? | സി) | നഴ്സിംഗ് മേഖലയിലെ തൊഴിൽ ശക്തി ഉയർത്തുന്നതിനായി സ്കിൽ ട്രെയിനിംഗ്, പ്രീ-സർവ്വീസ് എഡ്യൂക്കേഷൻ തുടങ്ങിയവ ഗുണകരമായിരിക്കും. |

സെക്ഷൻ ഓഫീസർ